128 (708) ഉരുമ്പിളിയം പഞ്ചായത്തിലെ ക്രമക്കേടുകൾ

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഉരുമ്പിളിയം പഞ്ചായത്തിലെ മണൽ വാരൽ സംബന്ധിച്ച് പഞ്ചായത്ത് നടത്തിയ ക്രമക്കേടുകളെക്കുറിച്ച് പരാതി ലഭിച്ചിരുന്നോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് അന്വേഷണമാണ് നടത്തുന്നത്;

(സി) അന്വേഷണം പൂർത്തിയായോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടി എന്തെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി)&(സി) ഇക്കാര്യത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് നൽകുവാൻ മലപ്പുറം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സത്വര നടപടി സ്വീകരിക്കുന്നതാണ്.

129 (709) തൃക്കലങ്ങോട് പഞ്ചായത്തിലെ കോളനിയിലെ വീടുകൾ പൊളിച്ചുമാറ്റിയത് സംബന്ധിച്ച്

ശ്രീ. കെ. സുധാകരൻ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് പഞ്ചായത്തിലെ ഒരു കോളനിയിലെ 11 വീടുകൾ പൊളിച്ചുമാറ്റുകയുണ്ടായോ;

(ബി) ഇവ പൊളിച്ചുനീക്കാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിരുന്നോ;

(സി) ഇവ പൊളിച്ചുമാറ്റാനുള്ള കാരണമെന്താണ്;

(ഡി) വീടുകൾ പൊളിക്കുന്നതിന് നേതൃത്വം നൽകിയതാരാണ്;

(ഇ) ഈ പഞ്ചായത്തിൽ ഇതുപോലുള്ള മറ്റ് എത്ര കോളനികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ കോളനികളിലെ വീടുകളും പൊളിച്ചുവോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ജി) മേൽപ്പറഞ്ഞ വീടുകൾ പൊളിച്ചത് രാഷ്ട്രീയ താൽപര്യം മുൻനിർത്തിയാണെന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അതെ.

(ബി) തീരുമാനമെടുത്തിരുന്നു.

(സി) അനധികൃത കയ്യേറ്റമായതിനാൽ.

(ഡി) പഞ്ചായത്ത് (പോലീസിന്റെ സഹായത്തോടെ).

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 5 (അഞ്ച്)

(എഫ്) ഇല്ല. വീടുകൾ പൊളിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്.

(ജി) ഇല്ല. ഉദിക്കുന്നില്ല.

130 (710) വയനാട് ജില്ലാ പഞ്ചായത്തിലെ കുടിവെള്ള പദ്ധതി

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997-98, 1998-99 വർഷങ്ങളിൽ വയനാട് ജില്ലാ പഞ്ചായത്ത് കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ചിട്ടുള്ള കിണറുകളുടെ പഞ്ചായത്തു തിരിച്ചുള്ള വിവരശേഖരണം പൂർത്തിയായോ എന്ന് അറിയിക്കുമോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) ഇവയ്ക്ക് ഓരോന്നിനും ചെലവഴച്ചിട്ടുള്ള തുക വ്യക്തമാക്കുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചുവരുന്നു.

131 (711) വടകര മുനിസിപ്പാലിറ്റിയിൽ പകരക്കാരായ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മുനിസിപ്പാലിറ്റിയിൽ പകരക്കാരായ തൊഴിലാളികൾ വർഷങ്ങളായി ജോലിചെയ്യുന്നതായി അറിയാമോ;

(ബി) ഇവരെ സ്ഥിരപ്പെടുത്തുന്ന കാര്യം ഏതു ഘട്ടത്തിലാണ് എന്നറിയിക്കുമോ;

(സി) അവരെ സ്ഥിരപ്പെടുത്താത്തതിൽ പ്രതിഷേധിച്ച് സമരപരിപാടികൾ ആരംഭിക്കാൻ പോകുന്നതായുള്ള വിവരം ശ്രദ്ധയിൽവന്നിട്ടുണ്ടോ;

(ഡി) സമരപരിപാടികൾ ആരംഭിക്കുന്നതിനു മുമ്പ് ബന്ധപ്പെട്ടവരെ വിളിച്ച് ചർച്ച ചെയ്യുമോ; ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) അറിയാം.

(ബി) 22.4.82-ലെ ജി.ഒ. (എം.എസ്.) 14/02/തൊഴിൽ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് പകരക്കാരായ തൊഴിലാളികളെ നഗരസഭയിൽ ശുചീകരണ വിഭാഗത്തിൽ നിയമിക്കുന്നത്. നഗരസഭകളിൽ ഉണ്ടാകുന്ന സ്ഥിരം ഒഴിവുകളിൽ പകരം തൊഴിലാളികൾക്ക് അവരുടെ സീനിയോറിറ്റി പ്രകാരം സ്ഥിരം നിയമനം ലഭിക്കുന്നതാണ്. വടകര നഗരസഭയിൽ നിലവിൽ സ്ഥിരം ഒഴിവുകളില്ല.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly